MESSAGE FROM THE GOVERNOR

Mr. Speaker : Order, order. I have received the following message from His Excellency the Governor.

9 A.M. "I am greatly pleased with your Motion of Thanks for the Address with which I opened the current session of the Legislative Assembly on January 9, 1970."

ADJOURNMENT MOTION

Proposed Strike by the Departmental Graduate Teachers

മി. സ്പീക്കർ : ഇന്നലെ ശ്രീ. പി. പി. ജാർജ്ജും ശ്രീ. കെ. ടി. ജോർജ്ജും തന്നിരുന്ന അടിയന്തിരപ്രമേയത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിക്ക് മറുപടി പറയാം.

വിദ്യാഭ്യാസവും ആഭ്യന്തരവുംമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ) : ഡിപ്പാർട്ടുമെന്റൽ ഗ്രാഡുവേറ്റ് അദ്ധ്യാപകർ നടത്തിയ ഒരു പ്രകടനത്തെ സംബന്ധിച്ചും അവർ ഉന്നയിച്ച ആവശ്യങ്ങളെ സംബന്ധിച്ചും അവർ നടത്തുമെന്നു പറയുന്ന ഒരു പണിമുടക്കത്തെ സംബന്ധിച്ചും ഗവൺമെന്റിന്റെ ശ്രദ്ധ കൃഷ്ണിച്ചുകൊണ്ട് ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളായ പി. പി. ജാർജ്ജും കെ. ടി. ജോർജ്ജും അവതരിപ്പിച്ച അടിയന്തിരപ്രമേയത്തെപ്പറ്റി ഏതാനും വാക്കുകൾ പറയാനാണ് ഞാൻ എഴുന്നേറ്റുനിൽക്കുന്നത്. ഡിപ്പാർട്ടുമെന്റൽ ഗ്രാഡ്യുവേറ്റ് ടീച്ചേഴ്സ് അസോസിയേഷൻ ഉന്നയിച്ച ആവശ്യങ്ങളിൽ പ്രധാനമായ ആവശ്യം ഡയറക്ട് റിക്രൂട്ടുമെന്റ് നടത്താൻ വേണ്ടി ഉദ്ദേശിക്കുന്നത് നിറുത്തണമെന്നുള്ളതാണ്. വിദ്യാഭ്യാസവകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥൻമാരുടെ തസ്തികയിലേക്ക് മറ്റു അദ്ധ്യാപകരുടെയിടയിൽനിന്ന് പരീക്ഷ നടത്തിയിട്ട് കുറേപ്പേരെയെങ്കിലും ഓപ്പൺമാർക്കറ്റിൽ നിന്നും റിക്രൂട്ട് ചെയ്യണമെന്നുള്ള അഭിപ്രായം പൊതുവേ വന്നിട്ടുണ്ട്. പ്രശസ്തമായ വെള്ളോടി കമ്മിറ്റി എല്ലാ സൂപ്രവൈസറി പോസ്റ്റുകളിലേക്കും, എല്ലാ ഡിപ്പാർട്ടുമെന്റുകളിലേക്കും കുറെ ഉദ്യോഗസ്ഥൻമാരെ നേരിട്ട് റിക്രൂട്ട് ചെയ്യണമെന്നുള്ള അഭിപ്രായക്കാരാണ്. കേരളത്തിലെ വിദ്യാഭ്യാസോപദേശകസമിതി തന്നെയും ഹെഡ്മാസ്റ്റർമാരുടേയും, എ. ഇ. ഓ. മാരുടേയും, ഡി. ഇ. ഓ. മാരുടേയും തസ്തികകളിലേക്ക് നേരിട്ടു റിക്രൂട്ടുമെന്റ് ആവശ്യമാണെന്നു പറഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ആധികാരിക രേഖയാണെന്നു കരുതപ്പെടുന്ന കോത്താരി കമ്മിഷൻ റിപ്പോർട്ടിൽ 75 ശതമാനം സൂപ്പർവൈസറി പോസ്റ്റുകളിലേക്കു നേരിട്ടുള്ള നിയമനം നടത്തണമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്രൈവറ്റു സ്കൂൾ അദ്ധ്യാപകർ, അദ്ധ്യാപകർക്ക് മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ടാണെങ്കിലും ഡയറക്ട് റിക്രൂട്ടുമെന്റ് വേണമെന്നുള്ള അഭിപ്രായക്കാരാണ്. ഡിപ്പാർട്ടുമെന്റൽ ഗ്രാഡ്യുവേറ്റ് ടീച്ചർമാർ അതു വേണ്ടെന്നുള്ള അഭിപ്രായക്കാരുമാണ്. അങ്ങനെ അഭിപ്രായവ്യത്യാസമുള്ള കാര്യമായതുകൊണ്ട് ആ കാര്യത്തെ സംബന്ധിച്ച് ഒരു തീരുമാനമെടുക്കുന്നതിനുമുൻപ് അതിന്റെ എല്ലാ വശങ്ങളെക്കുറിച്ചും ഗവൺമെന്റിനുചിന്തിക്കേണ്ടതുണ്ട്. ഇപ്പോഴും ഗവൺമെന്റ് അങ്ങനെയൊരു തീരുമാനം എടുത്തുകഴിഞ്ഞിട്ടില്ല. പക്ഷേ ഡിപ്പാർട്ടുമെന്റൽ ഗ്രാഡുവേറ്റ് ടീച്ചർമാർ മാത്രമല്ല ഈ സംഗതിയിൽ വികാരമുള്ളവർ എന്നുള്ളതുകൊണ്ട് ഒരിക്കലും ഡയറക്ട് റിക്രൂട്ടുമെന്റ് ഏർപ്പെടുത്തുകയില്ലെന്നുള്ള ഖണ്ഡിതമായ ഉറപ്പു നൽകാൻ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly